പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 163 — 28/06/2016 ൽ മറുപടിക്ക്

## ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിലെ വിവിധ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) | കേരള റോഡ് സേഫ്റ്റി അതോറിറ്റി, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക ഉപയോഗിച്ച് ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിനായുള്ള നിർമ്മാണ പ്രവർത്തികൾക്കുള്ള 2.66 കോടിയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു വെങ്കിലും സർക്കാരിന്റെ 13/01/2016 -ലെ സ.ഉ.(സാധാ) 149/2016/ആകുവ ഉത്തരവ് പ്രകാരം കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ റോഡ് സുരക്ഷാ ഫണ്ടിൽ ബാക്കിയുള്ള തുക തിരിച്ചടച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമല്ലാത്തതിനാൽ ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണം ആരംഭിക്കാൻ നിർവ്വാഹമില്ല. |
| (സി) | എം.പി ഫണ്ട് മുഖേന നടപ്പാക്കുന്ന മാമോഗ്രാം യൂണിറ്റും, ഡയാലിസിസ് | (സി) | മാമോഗ്രാഫി യൂണിറ്റിന്റെ പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. യൂണിറ്റ് അധികം വൈകാതെ പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| | യൂണിറ്റും സ്ഥാപിക്കുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തി ലാണ് എന്ന് അറിയിക്കുമോ? | | ഡയാലിസിസ് യൂണിറ്റിന് ആവശ്യമായ കെട്ടിടം സജ്ജമായിട്ടുണ്ട്. യൂണിറ്റ്, ആർ.ഒ. പ്ലാന്റ് മറ്റു അനുബന്ധ ഉപകരണങ്ങൾ, ടെക്നീഷ്യൻ എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

Sharala

സെക്ഷൻ ഓഫീസർ